**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **09-08-2023 - ൽ മറുപടിയ്ക്ക്**

**മുണ്ടക്കയം സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമായിരിക്കുന്ന മുണ്ടക്കയം ഉൾപ്പെടെയുള്ള 22 സ്ഥലങ്ങളിൽ പുതിയ ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് സുതാര്യമായ ലേല നടപടി ക്രമത്തിലൂടെ തെരഞ്ഞെടുത്ത HLL Life Care Limited – നെ സ.ഉ(സാധാ) നം.5117/2023/ധന തീയതി 05/07/2023 പ്രകാരം കെട്ടിട നിർമ്മാണ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി DPR തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഏജൻസി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിക്കുന്ന DPR സർക്കാരിലേക്ക് ലഭ്യമാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തിയാക്കി സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ